# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2001

## 16/08/2017 ൽ മറുപടി നൽകേണ്ടത്

ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട്

**ചോദ്യം**

ശ്രീ. എ .എം. ആരിഫ്

**ഉത്തരം**

ഡോ.തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട് അനുവദിച്ചപ്പോൾ അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ; | പ്രാദേശിക സർക്കാരുകൾ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നില നിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനു 11.08.2017 ലെ സ . ഉ .(സാധാ ) നം . 6390 / 2017 /ധന ഉത്തരവ് പ്രകാരം വികസന ഫണ്ട് ഇനത്തിൽ അധിക ധന വിനിയോഗ അനുമതിയായി 1,88,49,673 (ഒരു കോടി എൺപത്തി എട്ടു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി അറുനൂറ്റി എഴുപത്തി മൂന്നു രൂപ മാത്രം ) രൂപയും 11 .08 .2017 ലെ സ ഉ . ( സാ ധാ ) നം . 6389 / 2017 / ധന ഉത്തരവ് പ്രകാരം സംരക്ഷണ ഗ്രാന്റ് ഇനത്തിൽ 1,54,20,854 (ഒരു കോടി അൻപത്തി നാല് ലക്ഷത്തി ഇരുപത്തിനായിരത്തി എണ്ണൂറ്റി അന്പതിനാല് രൂപ മാത്രം) രൂപയും അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകൾക്ക് അടിയന്തിരമായി പ്രസ്തുത ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട് അനുവദിച്ച് ഉത്തരവാകുമോ എന്ന് വ്യക്തമാക്കാമോ? | ഫണ്ട് അനുവദിച്ച ഇതിനോടകം തന്നെ ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ